Kerala Catholic Bishop's Council (KCBC)
Secretariat, Pastoral Orientation Centre, P.B. No. 2251, Palarivattom, Kochi-682 025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-280614
E-mail: deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release
*Ref: 601KCBC/K-6/KPR/DS*

6.12.2017

**പത്രക്കുറിപ്പ്**

കൊച്ചി: നവംബർ 29–ന് ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റ് അനേകം കുടുംബങ്ങളുടെ ജീവിത സ്വപ്നങ്ങളെയാണ് തകർത്തത്. ദുരന്തത്തിൽ വളരെയേറെ തൊഴിലാളികളും ഒരായിസുകൊണ്ട് അവർ സമ്പാദിച്ച ജീവനോപാധികളും, പാർപ്പിടങ്ങളും, അടിസ്ഥാന സൗകര്യങ്ങളും തകർന്നടിഞ്ഞു. ഈ ദുരന്തത്തിന്റെ വ്യാപ്തിയും ആഴവും 2017 ഡിസംബർ 5 മുതൽ പാലാരിവട്ടം പിഒസിയിൽ നടന്ന കെസിബിസി യോഗം ചർച്ച ചെയ്തു.

പ്രകൃതിക്ഷോഭത്തിൽ ദുരിതമനുഭവിക്കുന്ന ജനങ്ങളോട് കേരള മെത്രാൻ സമിതി ഐക്യദാർഢ്യം പ്രഖ്യാപിച്ചു. പ്രകൃതി ക്ഷോഭത്തിൽ ജിവൻ നഷ്ടപ്പെട്ടവരുടെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ കെസിബിസി ഹൃദയപൂർവം പങ്കുചേരുന്നു. ഇനിയും കണ്ടെത്താനാകാത്ത മത്സ്യത്തൊഴിലാളികളുടെ വേദന സഭയുടേതുകൂടിയാണെന്ന് സമ്മേളനം പ്രഖ്യാപിച്ചു.

ചുഴലിക്കാറ്റിൽ ഇനിയും തിട്ടപ്പെടുത്താൻ കഴിയാത്തവിധത്തിൽ മത്സ്യത്തൊഴിലാളികൾ അകപ്പെടുകയും മത്സ്യബന്ധനഉപകരണങ്ങൾ നശിക്കുകയും ചെയ്തു എന്നത് ആശങ്കയും ദുഃഖവും വർധിപ്പിക്കുന്നു. കൃത്യസമയത്ത് ഉത്തരവാദിത്വപ്പെട്ടവർക്ക് ദുരന്തത്തിന്റെ വ്യാപ്തി നിർണയിക്കാനാകാതിരുന്നുത് രക്ഷാപ്രവർത്തനങ്ങളുടെ കാര്യക്ഷമതയെ ബാധിച്ചു. സമയോചിതമായ നടപടികളുണ്ടായിരുന്നെങ്കിൽ കൂടുതൽ ജീവഹാനി ഉണ്ടാകുമായിരുന്നില്ല. ഇപ്പോൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഉണർന്നു പ്രവർത്തിക്കുന്നതിൽ സന്തോഷമുണ്ട്. ഇത്തരം ദുരന്തങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കുന്നതിന് മത്സ്യ തീരദേശ വികസന അതോറിറ്റി, മറൈൻ എൻഫോഴ്സ്മെന്റ്, തീരദേശ പോലീസ്, കോസ്റ്റ് ഗാർഡ്, ഫിഷറീസ് ഡിപ്പാർട്ട്മെന്റ് തുടങ്ങിയ സംവിധാനങ്ങളെ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകണം. തീരമേഖലയുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് കേന്ദ്രസർക്കാരിൽ സ്വതന്ത്ര ചുമതലയുള്ള മന്ത്രാലയം രൂപീകരിക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. കേരള മെത്രാൻ സമിതി ഇക്കാര്യങ്ങൾ പ്രധാനമന്ത്രിയെയും മുഖ്യമന്ത്രിയെയും അറിയിക്കുകയും ദുരിതത്തിൽ കഴിയുന്ന തീരജനതയുടെ സമഗ്ര വികസനത്തിനുവേണ്ടി പുനരധിവാസ പാക്കേജ് ആവശ്യപ്പെടുകയും ചെയ്യും.

മനുഷ്യാവകാശ ദിനമായ ഡിസംബർ 10 ഞായറാഴ്ച കേരളത്തിലെ കത്തോലിക്കാസഭയും ഭാരതകത്തോലിക്കാസഭയും ദുരിത ബാധിതരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പ്രാർത്ഥനാദിനമായി ആചരിക്കും. കൂടാതെ അന്നേ ദിവസം സമാഹരിക്കുന്ന പ്രത്യേക ദുരിതാശ്വാസനിധി തീരജനതയുടെ സമാശ്വസത്തിനുവേണ്ടി നീക്കിവയ്ക്കും. വിശ്വാസികൾ ഒരു ദിവസത്തെ വരുമാനമെങ്കിലും ദുരിതാശ്വാസപ്രവർത്തനത്തിനായി സംഭാവന ചെയ്യണമെന്ന് കെസിബിസി അഭ്യർത്ഥിച്ചു. ഓരോ രൂപതയും സമാഹരിക്കുന്ന തുക ഡിസംബർ 31-നുമുമ്പ് കെസിബിസി സെക്രട്ടേറിയറ്റിൽ ഏല്പിക്കേണ്ടതാണ്. വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ ഏല്പിക്കുകയോ, വെണ്ണല സൗത്ത് ഇന്ത്യൻ ബാങ്കിൽ തുറന്നിട്ടുള്ള സൈക്ലോൺ ഓഖി റിലീഫ് ഫണ്ടിലേക്ക് (S.B. A/c. No. 0423 0530 0000 8455, IFSC-SIBL 0000423) നിക്ഷേപിക്കുകയോ ചെയ്യണം.

ഓഖി ചുഴലിക്കാറ്റിന്റെ കെടുതികൾ പരിഹരിക്കാൻ രാഷ്ട്രീയ ജാതി മതഭേദമെന്യേ ഏവരും കൈകോർക്കണമെന്നും കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ ആഹ്വാനം ചെയ്തു.

**ആർച്ചുബിഷപ് ഡോ. എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റം**
വൈസ് പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**
സെക്രട്ടറി ജനറൽ, കെസിബിസി

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O,
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com